പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1323** 07.06.2018- ൽ മറുപടിക്ക്

**<u>മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് കുടിശ്ശിക</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. വി.പി.സജീന്ദ്രൻ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളുടേയും പാലങ്ങളുടേയും പ്രവൃത്തികൾക്കായി 2806.27 കോടി രൂപ ബഡ്ജറ്റ് വിഹിതമുണ്ടായിരുന്നു. സർക്കാരിൽ നിന്ന് അധിക ധനവിനിയോഗ അനുമതി ലഭിച്ചതിൻ പ്രകാരം ആകെ 3176.93 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 2987.32 കോടി രൂപ പൊതുമരാമത്ത് വകുപ്പ് നിരത്തുകളുടേയും പാലങ്ങളുടേയും പ്രവൃത്തിക്കുള്ള ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. 09/2017 വരെയുള്ള കരാറുകാരുടെ കുടിശ്ശിക നൽകിക്കഴിഞ്ഞു. കൂടാതെ 31.12.2017 വരെയുള്ള കുടിശ്ശികകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായത്തിലൂടെ തുക വിതരണം ചെയ്യുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് എത്ര തുക കുടിശ്ശിക നൽകുവാനുണ്ട്; പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശിക ലഭിക്കാത്തതിനാൽ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നിന്ന് കരാറുകാർ പിന്നോട്ട് പോകുന്ന അവസ്ഥ നിലവിലുണ്ടോ; വിശദമാക്കാമോ; | (ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കുടിശ്ശികയായി 394.42 കോടി രൂപയും, കെട്ടിട വിഭാഗത്തിൽ 2,45,41,67,647/- രൂപയും, ദേശീയപാതാ വിഭാഗത്തിൽ 16,18,00,832/- രൂപയും കരാറുകാർക്ക് വിതരണം ചെയ്യുവാനുണ്ട്. കുടിശ്ശിക ലഭിക്കാത്തതിനാൽ കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നിന്നും പിന്നോട്ട് പോകുന്ന അവസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം, നിർമ്മാണ സാമഗ്രികളുടെ ലഭ്യത കുറവ് തുടങ്ങിയവ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് തുടങ്ങിയവ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമുണ്ടാക്കുന്നുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി എറ്റെടുക്കുന്നതു സംബന്ധിച്ചുള്ള തർക്കങ്ങളും, കോടതി ഇടപെടലുകളും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് കാലതാമസം വരുത്തുന്നുണ്ട്. നിലവിൽ ക്വാറികളുടെ പ്രവർത്തനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത് മെറ്റലിന്റെയും എംസാന്റിന്റെയും ലഭ്യതയ്ക്ക് കുറവ് വരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ